പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1962</u>  <u>04.10.2011-ൽ മറുപടിക്ക്</u>

## മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) കോർപ്പറേഷൻ, നഗരസഭാ, തദ്ദേശ ഭരണസ്ഥാപനങ്ങൾ എന്നിവ രൂപം കൊടുത്തിട്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ കാര്യക്ഷമമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനത്തിന് കാര്യക്ഷമമായ പദ്ധതികൾ ഇല്ലാത്തത് സംസ്ഥാനം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളുടെ ശോഭകെടുത്തുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) വലിയ നഗരസഭകളിൽ പലതിലും നടപ്പിലാക്കിയിട്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ മറ്റ് പദ്ധതികളെപോലെ കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) മാലിന്യ നിർമ്മാർജ്ജനത്തിന് കാലാനുസൃതവും ആധുനിക സാങ്കേതിക വിദ്യയുടെ സഹായവും ഉപയോഗിച്ചുള്ള പദ്ധതികൾ സംസ്ഥാനത്ത് ഉടനീളം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന റിയിക്കുമോ ? | സി) നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകളിലുള്ള പോരായ്മകൾ പരിഹരിച്ച് അവയെ പരിസ്ഥിതി സൗഹൃദമാക്കാനും പ്ലാന്റുകൾ നിലവിലില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ശുചിത്വമിഷൻ വഴി സർക്കാർ നൽകി വരുന്നു. കൂടാതെ മനുഷ്യർക്കും പരിസ്ഥിതിക്കും അനുയോജ്യമായ രീതിയിൽ മാലിന്യ നിർമ്മാർജ്ജനം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പിലാക്കാൻ കഴിയുമോയെന്ന കാര്യവും സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം ഉയർത്തുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ